11

## ദൈവചിന്ത

വലിയ ഗുണമാണ് ദൈവചിന്ത. അതില്ലാത്ത ആളുകൾ തീരെ കുറവാണ്. ഏതെങ്കിലും വിധത്തിൽ ദൈവത്തെ വിളിക്കാത്തവരും കുറവാണ്. ദിനേന തങ്ങളുടെ പ്രാർഥനയിലൂടെ ഓരോരുത്തരും ദൈവികചിന്ത പുതുക്കുന്നുണ്ട്.

കുട്ടികൾ ചെറുപ്പത്തിൽ തന്നെ പ്രാർഥന ശീലിക്കണം. ഏത് മതസ്ഥനായാലും ദൈവത്തെ സ്മരിക്കുകയും പ്രാർഥിക്കുകയും വേണം. എങ്കിലേ ദൈവം നമ്മെ ഇഷ്ടപ്പെടുകയുള്ളൂ.

ദൈവചിന്ത ഉണ്ടെങ്കിൽ ജീവിതത്തിൽ തെറ്റുകളുണ്ടാകില്ല. ജീവിതം പരിശുദ്ധമായിരിക്കും. കാരണം, തെറ്റുകൾ ചെയ്യാതെ ജീവിക്കുവാനാണ് അവൻ കല്പിച്ചത്. ദൈവചിന്ത ഇല്ലാത്തവരാണ് തെറ്റുകുറ്റങ്ങൾ ചെയ്യുന്നത്. അവർ പിശാചിൻെറ കൂട്ടുകാരാണ്.

ദൈവത്തെ എപ്പോഴെങ്കിലും ഓർത്തതുകൊണ്ടായില്ല. എപ്പോഴും ഓർക്കണം. ദിനേന അവനോട് പ്രാർഥിക്കണം. അവന് ഇഷ്ടമില്ലാത്തതൊന്നും ചെയ്യരുത്. എങ്കിൽ മാത്രമേ അവൻെറ സഹായം നമുക്ക് കിട്ടുകയുള്ളൂ.

കുട്ടികളുടെ പ്രാർഥന ദൈവം വേഗം സ്വീകരിക്കും. അതിനാൽ ഇപ്പോഴേ അവനുമായുള്ള ബന്ധം ശക്തമാക്കണം. അവനെ മാത്രം സ്നേഹിക്കണം. അവനാണല്ലോ നമുക്ക് ആവശ്യമായതെല്ലാം തരുന്നത്. ഓരോ നിമിഷവും അവൻ നമ്മെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. അവൻ നമുക്ക് ചെയ്തു തന്ന അനുഗ്രഹങ്ങൾ എണ്ണിക്കണക്കാക്കാൻ സാധിക്കുകയില്ല.

ദൈവചിന്തയില്ലാത്തവർ ധിക്കാരികളാണ്. അവരെ അവൻ കഠിനമായി ശിക്ഷിക്കും. അത്തരക്കാരെ അവൻ ഓർക്കുകയില്ല. ദൈവം ആരെയെങ്കിലും അവഗണിച്ചാൽ അവൻെറ കാര്യങ്ങളൊക്കെ പ്രയാസത്തിലാകും. അവനെ സഹായിക്കാനും ആർക്കും സാധിക്കുകയില്ല.

നാം എല്ലാ കർമങ്ങളും ദൈവചിന്തയോടെ ചെയ്യുക. അവനെ മാത്രം സ്നേഹിക്കുക. കൂടുതൽ അഭിവൃദ്ധിക്കായി അവനോട് പ്രാർഥിക്കുക. എങ്കിൽ ദൈവം നമ്മെ സ്നേഹിക്കും. കൂടുതൽ അഭിവൃദ്ധിയും തരും.